# പതിനാലാം കേരളനിയമസഭ

## അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T1604 — 03.05.2017 ൽ മറുപടിയ്ക്ക്

### ലഹരി വിമുക്ത ബോധവൽക്കരണ പരിപാടി

| | ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | ലഹരി വിമുക്ത ബോധവൽക്കരണ പരിപാടിയിൽ പങ്കെടുത്ത് ലഹരിയിൽ നിന്ന് മുക്തി നേടണമെന്നാഗ്രഹിക്കുന്നവർക്ക് ചികിത്സ നൽകാനാവശ്യമായ വിദഗ്ദ്ധരുടെ എണ്ണം സംസ്ഥാനത്ത് കുറവാണെന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; | എ) | പരിശോധിച്ചിട്ടുണ്ട്. നിലവിൽ പ്രവർത്തിച്ചുവരുന്ന ലഹരി വിമോചന കേന്ദ്രങ്ങളിൽ പലയിടങ്ങളിലും അടിസ്ഥാന സൗകര്യങ്ങളുടെയും സാങ്കേതിക വിദഗ്ദരുടെയും പോരായ്മ ഉണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് സാങ്കേതിക വിദഗ്ധരുടെ തസ്തിക സൃഷ്ടിക്കുന്നതിലൂടെ ഇവ പരിഹരിക്കപ്പെടുന്നതാണ്. |
| ബി) | കേരളത്തിൽ നിലവിലുള്ള ലഹരി വിമുക്ത ചികിത്സാകേന്ദ്രങ്ങളിലായി മൊത്തം എത്ര സൈക്ക്യാട്രിസ്റ്റുകളുണ്ട്; | ബി) | തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, ജില്ലകളിൽ മാനസികാരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടാണ് ലഹരി വിമുക്ത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങളിലായി 13 സൈക്ക്യാട്രിസ്റ്റിന്റെ സേവനം ലഭ്യമാണ്. ഇതിനു പുറമേ മറ്റ് ലഹരി വിമുക്ത കേന്ദ്രങ്ങളിലായി 16 സൈക്ക്യാട്രിസ്റ്റുകൾ സേവനം അനുഷ്ഠിക്കുന്നു. |
| സി) | കുട്ടികളെ നോക്കുന്ന സൈക്ക്യാട്രിസ്റ്റുകൾ ഒരിടത്തും ഇല്ല എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഇല്ല |
| ഡി) | ലഹരിവിമുക്ത ചികിത്സാമേഖലയിൽ സൈക്കോളജിസ്റ്റ്, സൈക്ക്യാട്രിസ്റ്റ് മറ്റു അനുബന്ധ സ്റ്റാഫ് എന്നിവരുടെ സേവനം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും? | ഡി) | ആരോഗ്യ വകുപ്പ് എക്സൈസ് വകുപ്പുമായി ചേർന്ന് പുതുതായി ആരംഭിക്കുന്ന "വിമുക്തി" പദ്ധതിയിൽ ഉൾപ്പെടുത്തി '10' ലഹരി വിമുക്ത കേന്ദ്രങ്ങളിൽ സൈക്ക്യാട്രിസ്റ്റിന്റെ സേവനവും ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നീ അനുബന്ധ സ്റ്റാഫിന്റെ സേവനവും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ